# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1704 | 10.03.2020-ൽ മറുപടിയ്ക്ക്

## നോർക്ക റൂട്ട്സ് വഴിയുള്ള സാന്ത്വന സഹായ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) നോർക്ക റൂട്ട്സ് വഴി നടപ്പാക്കുന്ന സാന്ത്വന സഹായ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ; | എ) തിരികെയെത്തിയ പ്രവാസി കേരളീയർക്ക് വേണ്ടി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന ദുരിതാശ്വാസ സഹായ നിധിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപ വരെയും വിദേശത്തുനിന്നും തിരികെയെത്തിയ പ്രവാസികളിൽ രോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവർക്കും കുടുംബാംഗങ്ങൾക്കും ചികിത്സ ധനസഹായമായി 50,000/- രൂപ വരെയും, സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിനു ധനസഹായമായി 15,000/- രൂപ വരെയും, പ്രവാസികളായ കേരളീയർക്കും, അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമകാൽ, ഊന്നുവടി, വീൽ ചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000/- രൂപയും ധനസഹായം നൽകി വരുന്നു. |
| ബി) പ്രസ്തുത പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | ബി)<br>• അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ അധികമാകുവാൻ പാടില്ല.<br>• കുറഞ്ഞത് രണ്ടു വർഷം പ്രവാസി ആയിരിക്കണം.<br>• വിദേശത്ത് ജോലി ചെയ്ത കാലയളവ് അല്ലെങ്കിൽ പത്ത് വർഷം (ഇതിൽ ഏതാണോ കുറവ്) ആ സമയപരിധിക്കുള്ളിൽ അപേക്ഷ |

സമർപ്പിക്കണം.

- അപേക്ഷകൻ അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും ജോലി ഉണ്ടാകാൻ പാടില്ല.

സെക്ഷൻ ഓഫീസർ